ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** പ്രധാനവാർത്തകൾ **DATE:29.05.2025**

1. രാജ്യത്തിനെതിരെയുള്ള ഏതൊരു ഭീകരാക്രമണത്തിനും എതിരാളികൾ കനത്ത വില നൽകേണ്ടിവരുമെന്ന്, പഹൽഗാം ആക്രമണത്തിന് ശേഷം, ഇന്ത്യ ലോകത്തിന് വ്യക്തമാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. പാരിസ്ഥിതിക ആഘാതം കണക്കിലെടുത്ത് കൊച്ചി തീരത്ത് കപ്പൽ മുങ്ങിയ സംഭവം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു.
3. കപ്പൽ അപകടത്തെ തുടർന്ന് തീരമേഖലയിലുണ്ടായ തൊഴിൽ നഷ്ടം നികത്താൻ സഹായം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. സംസ്ഥാനത്ത് അതിതീവ്ര മഴ തുടരും; എട്ടു ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത; മലയോരമേഖലകളിലും നദികളുടെ തീരങ്ങളിലുമുള്ളവർ അതീവ ജാഗ്രത പുലർത്തണമെന്ന് നിർദേശം.
5. സംസ്ഥാനത്തെ വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. മുനിസിപ്പാലിറ്റികളിൽ 128 ഉം, കോർപ്പറേഷനുകളിൽ ഏഴും വാർഡുകൾ വർധിച്ചു.

*****************

RNUTVPM

## സാഹിത്യ സമ്മേളനം

രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന സാഹിത്യ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്തു. കവിസമ്മേളനം, ഇന്ത്യയിലെ സ്ത്രീവാദ സാഹിത്യം, ആഗോള തലത്തിൽ ഇന്ത്യൻ സാഹിത്യത്തിന്റെ പുതിയ ദിശകൾ എന്നിവയുൾപ്പെടെ വിവിധ പരിപാടികൾക്ക് രണ്ടു ദിവസത്തെ സമ്മേളനം വേദിയാകും.

****************************

## പി എം സന്ദർശനം

രാജ്യത്തിനെതിരെയുള്ള ഏതൊരു ഭീകരാക്രമണത്തിനും എതിരാളികൾ കനത്ത വില നൽകേണ്ടിവരുമെന്ന് പഹൽഗാം ആക്രമണത്തിന് ശേഷം, ഇന്ത്യ ലോകത്തിന് വ്യക്തമാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പശ്ചിമ ബംഗാളിൽ അലിപുർദ്വാർ, കൂച്ച് ബെഹാർ ജില്ലകളിലെ സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ ശിലാ സ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ, ഗ്യാസ് അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ എന്ന നിലയിലേക്ക് പുരോഗമിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബിഹാറിൽ, പട്ന വിമാനത്താവളത്തിന്റെ പുതുതായി നിർമിച്ച പാസഞ്ചർ ടെർമിനലും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

RNUTVPM

****************************

## മുഖ്യമന്ത്രി വാർത്താസമ്മേളനം

പാരിസ്ഥിതിക ആഘാതം കണക്കിലെടുത്ത് കൊച്ചി തീരത്ത് കപ്പൽ മുങ്ങിയ സംഭവം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു. കണ്ടെയ്നറുകളിലെ രാസവസ്തുക്കളും ഇന്ധന ചോർച്ച സാധ്യതയും പാരിസ്ഥിതിക ഭീഷണി ഉയർത്തുന്ന

സാഹചര്യത്തിലാണ് തീരുമാനം. കപ്പൽ മുങ്ങിയതിനെ തുടർന്ന് കടലിൽ വീണ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിട്ടി വിശദമായ മാർഗ്ഗ നിർദേശം പുറപ്പെടുവിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എംഎസ്സി എൽസ 3 എന്ന കപ്പലാണ് അപകടത്തിൽ പെട്ടത്. സംഭവത്തെ തുടർന്ന് ദൈനംദിന ജീവിതം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പിന്തുണ നൽകാൻ തീരുമാനിച്ചതായും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വിഷയവുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കരുതെന്നും മുഖ്യമന്ത്രി പറഞ്ഞു.

( വോയിസ്.... )

മുങ്ങിയ കപ്പലിലെ ടാങ്കിനുള്ളിൽ നിന്ന് ജൂലൈ മൂന്നിനകം വിദഗ്ധരുടെ നേതൃത്വത്തിൽ ഇന്ധനം പുറത്തെടുക്കും. അതുവരെ കപ്പലിൽ നിന്ന് 20 നോട്ടിക്കൽ മൈൽ ചുറ്റളവിൽ മത്സ്യബന്ധനം നടത്തരുതെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

RNUTVPM

***************************

**കൊല്ലം ഇൻട്രോ)**

കേരളതീരത്ത് കപ്പൽ മുങ്ങി കടലിൽ വീണ കണ്ടെയ്നറുകൾ നീക്കം ചെയ്യുന്ന നടപടി തുടരുന്നു. അതിനിടെ കൊല്ലം ശക്തികുളങ്ങരയിൽ കണ്ടെയ്നറിനു തീപിടിച്ചു. വാഹനത്തിൽ കൊണ്ടുപോകുന്നതിനായി മുറിക്കുന്നതിനിടെയാണ് കണ്ടെയ്നർ കത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ..............**

**(ഹോൾഡ് - വോയിസ്)**

****************************

മഴ

സംസ്ഥാനത്ത് അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥവകുപ്പ്. പത്തനംതിട്ട, കോട്ടയം,എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു. പ്രളയസാധ്യത മുന്നറിയിപ്പ് നൽകിയ നദികളുടെ തീരങ്ങളിലുള്ളവർ അതീവ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്. മലയോര മേഖലകളിലുള്ളവരും ജാഗ്രത പാലിക്കേണ്ടതാണ്. നാളെയും കണ്ണൂർ, കാസർഗോഡ്, തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലും ആലപ്പുഴയിൽ കുട്ടനാട് താലൂക്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്.

****************************

മഴ-ഇടുക്കി(ഇൻട്രോ)

ഇടുക്കിയിൽ അതി ശക്തമായ മഴ തുടരുകയാണ്. മഴക്കെടുതിയിൽ ജില്ലയിൽ നിരവധി വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും ഹെക്ടർ കണക്കിന് കൃഷി നശിക്കുകയും ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

(വോയിസ്)

****************************

RNU TVPM

## പത്തനംതിട്ട മഴ

ശക്തമായ മഴയെ തുടർന്ന് പത്തനംതിട്ട ജില്ലയിൽ 18 വീടുകൾ ഭാഗികമായി തകർന്നു. മല്ലപ്പള്ളി, റാന്നി, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിലാണ് നാശനഷ്ടം. കോന്നി, തിരുവല്ല താലൂക്കുകളിലായി രണ്ട് ദുരിതാശ്വാസ ക്യാമ്പുകളും പ്രവർത്തിക്കുന്നുണ്ട്.

***************************

## ആലപ്പുഴയിലും മഴ

ആലപ്പുഴയിലും മഴക്കെടുതി രൂക്ഷം. കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നു. താഴ്ന്ന പ്രദേശങ്ങളിലെ ആയിരത്തോളം വീടുകൾ വെള്ളത്തിലാണ്. അമ്പലപ്പുഴയിലും അരൂരിലും റെയിൽവേ പാലത്തിലേക്ക് മരം വീണു.

***************************

PNU TVPM

## കോഴിക്കോട് മഴ

കോഴിക്കോട് ജില്ലയിലും മഴ ശക്തം. വിലങ്ങാട് പുഴയിൽ ജലനിരപ്പ് ഉയർന്നിരുന്നു. എന്നാൽ നിലവിൽ പ്രശ്നങ്ങളില്ലെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചു.

***************************

## കണ്ണൂർ ഇൻട്രോ

കണ്ണൂർ ജില്ലയിൽ  കഴിഞ്ഞ ഒരാഴ്ചയായി തുടരുന്ന ശക്തമായ മഴ ജനജീവിതത്തെ ബാധിച്ചു. വലിയ തോതിലുള്ള നാശനഷ്ടവുമുണ്ടായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ...**

(വോയിസ്)

***************************

## വികസിത് സങ്കല്പ്

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാന് സംസ്ഥാനത്ത് തുടക്കമായി. പത്തനംതിട്ട , ഇടുക്കി, കോഴിക്കോട് ജില്ലാതല പരിപാടിയിൽ നിരവധി കർഷകർ പങ്കെടുത്തു. ജൂൺ 12 വരെയാണ് ക്യാമ്പയിൻ. കാർഷിക രംഗത്തെ വിദഗ്ധരും ഗവേഷകരും നൂതന സാങ്കേതിക വിദ്യകൾ കർഷകരുമായി പങ്കു വയ്ക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും.

***************************

## വാർഡ് വിഭജനത്തിന്റെ വിജ്ഞാപനം

RNU TVPM

സംസ്ഥാനത്തെ 86 മുൻസിപ്പാലിറ്റികളിലും, ആറു കോർപ്പറേഷനുകളിലും നടന്ന വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. ഡീലിമിറ്റേഷൻ കമ്മീഷൻ യോഗം അന്തിമവിജ്ഞാപനം അംഗീകരിച്ചു. 2011 ലെ സെൻസസ് ജനസംഖ്യ അടിസ്ഥാനമാക്കിയാണ് വാർഡുകളുടെ എണ്ണം പുതുക്കിയത്. മുനിസിപ്പാലിറ്റികളിൽ 128 വാർഡുകളും, കോർപ്പറേഷനുകളിൽ ഏഴ് വാർഡുകളുമാണ് വർദ്ധിച്ചത്. 152 ബ്ളോക്ക് പഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനത്തിന്റെ കരട് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും.

***************************

## ഉപതെരഞ്ഞെടുപ്പ്

¬¬ഉപതെരെഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന നിലമ്പൂരിൽ പ്രചാരണത്തിന്റെ മുന്നൊരുക്കങ്ങൾ ആരംഭിച്ച് രാഷ്ട്രീയ കക്ഷികൾ. എൽ.ഡി.എഫ് സ്ഥാനാർത്ഥിയെ നാളെ പ്രഖ്യാപിക്കുമെന്നാണ് സൂചന. യു.ഡി.എഫ് സ്ഥാനാർഥിയായി ആര്യാടൻ ഷൗക്കത്തിനെ നേരത്തെ പ്രഖ്യാപിച്ചിരുന്നു. അതേസമയം എൻഡിഎയുടെ നിലമ്പൂർ സീറ്റ് ബി.ഡി. ജെ.എസിന് നൽകുമെന്നാണ് വിവരം. ബി.ഡി. ജെ എസ് സംസ്ഥാന കൗൺസിൽ യോഗത്തിന് ശേഷം നാളെ സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കും.

***************************

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് പഞ്ചാബ് കിംഗ്സിനെ നേരിടും. ന്യൂ ചണ്ഡിഗഢ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. നാളെ നടക്കുന്ന മത്സരത്തിൽ മൂന്നാം സ്ഥാനത്തിനായി ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

PNU TVPM

***************************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 320 പോയിൻറ് നേട്ടത്തിൽ 81,633 ലും നിഫ്റ്റി 81 പോയിൻറ് വർദ്ധിച്ച് 24,83343 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 71,160 രൂപയാണ് ഇന്നത്തെ വില.

***************************

## സ്കൂൾ പ്രവേശനോത്സവം

സംസ്ഥാന സ്കൂൾ പ്രവേശനോത്സവം ജൂൺ രണ്ടിന് ആലപ്പുഴ കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് ആദ്യമായി ഒരു വിദ്യാർത്ഥിനിയുടെ കവിത പ്രവേശനോത്സവ ഗാനമായി തെരഞ്ഞെടുത്തതായി മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കൊട്ടാരക്കര താമരക്കുടി എസ്.വി.വി.എച്ച്.എസ്.എസിലെ വിദ്യാർത്ഥി ഭദ്ര ഹരി എഴുതിയ ഗാനമാണ് പ്രവേശനോത്സവഗാനമായി തെരെഞ്ഞെടുത്തിരിക്കുന്നത്. പ്രവേശനോത്സവത്തിന്റെ ഭാഗമായി മൂവായിരം പേർക്ക് സദ്യയൊരുക്കുന്നതിനായി കലവൂരിലെ പൊതുജനങ്ങളിൽ നിന്നും കടകളിൽ നിന്നും വിഭവസമാഹരണം നടത്തി വരികയാണെന്നും മന്ത്രി അറിയിച്ചു.

*
*****************
****************************************

RNU TVPM